No. MOSC/CMM/240/2023

**സ്വയംസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ**
**ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**
**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ**
**സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**
**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ**
**മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

നമ്മുടെ തുമ്പമൺ മെത്രാസനത്തിലെ എല്ലാ പള്ളികളിലേയും വികാരിമാർക്കും, ദേശത്തുപട്ടക്കാർക്കും, പള്ളിക്കൈക്കാരന്മാർക്കും, ഭരണസമിതിയംഗങ്ങൾക്കും, ശേഷം വിശ്വാസികൾക്കും വാഴ്വ്!

പ്രിയരെ,
ആ മെത്രാസനം നമ്മുടെ നേരിട്ടുള്ള ഭരണത്തിൽ നിലനിന്നുവരികയാണല്ലോ. എന്നാൽ 2023 സെപ്റ്റംബർ മാസം 26 -ാം തീയതി സമ്മേളിച്ച മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ മാനേജിംഗ് കമ്മറ്റി യോഗം നമുക്ക് നൽകിയ ആലോചനയും, അന്നേദിവസംതന്നെ കോട്ടയം പഴയ സെമിനാരിയിൽ സമ്മേളിച്ച പ. എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ ശുപാർശയും പരിഗണിച്ച് ബാംഗ്ളൂർ മെത്രാസന ഇടവകയുടെ മെത്രാപ്പോലീത്തായായിരുന്ന അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്തായെ തുമ്പമൺ മെത്രാസന ഇടവകയുടെ മെത്രാപ്പോലീത്തായായി നമ്മുടെ 27.09.2023-ലെ 239/2023 -ാം നമ്പർ കല്പനയിലൂടെ നിയമിച്ചിരിക്കുന്ന വിവരം ഇതിനാൽ നാം നിങ്ങളെ അറിയിക്കുന്നു. ഇടവക മെത്രാപ്പോലീത്താ എന്ന നിലയിൽ ഒന്നാം തുബ്ദേനിൽ അദ്ദേഹത്തിന്റെ പേര് ഓർക്കുകയും, അദ്ദേഹം നൽകുന്ന കല്പനകളും, നിർദ്ദേശങ്ങളും, ഉപദേശങ്ങളും അനുസരിച്ച് നിങ്ങൾ പ്രവർത്തിക്കുകയും, നമ്മെ എന്നതുപോലെ അദ്ദേഹത്തെ അനുസരിച്ച് നടക്കുകയും ചെയ്യേണ്ടതാണ്.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2023 സെപ്റ്റംബർ മാസം 27-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.